**1. ലേഖകന്റെ അഭിപ്രായത്തിൽ, ഇന്ത്യയിലെ മറ്റു സന്ന്യാസിവര്യന്മാരിൽനിന്ന് ശ്രീനാരായണഗുരുവിനെ വ്യത്യസ്തനാക്കുന്ന സവിശേഷതകൾ എന്തെല്ലാം? ഗുരുദർശനങ്ങളുടെ സമകാലിക പ്രസക്തി വിശദീകരിച്ച് ലഘൂപന്യാസം തയാറാക്കുക.**

ഉത്തരമാതൃക

പല സന്ന്യാസിമാരും ചെയ്യുന്നതുപോലെ സ്വന്തം മോക്ഷം ലക്ഷ്യമാക്കി മാത്രം പ്രവർത്തിച്ച ആചാര്യനല്ല ശ്രീനാരായണഗുരു. തപഃശക്തിയിലൂടെ ലഭിച്ച സിദ്ധികൾ അദ്ദേഹം സമൂഹത്തിന്റെ ഉന്നമനത്തിനുവേണ്ടി വിനിയോഗിച്ചു. നൂറ്റാണ്ടുകളായി ചവിട്ടിമെതിക്കപ്പെട്ടു കിടന്ന മനുഷ്യത്വത്തെ അദ്ദേഹം സമുദ്ധരിച്ചു. ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്തു. ലക്ഷോപലക്ഷം ജനങ്ങളുടെ അന്ധകാരം നിറഞ്ഞ ജീവിതത്തിൽ ഗുരു പ്രകാശം പരത്തി.

പ്രപഞ്ചത്തിന്റെ മിഥ്യയിൽ ഭ്രമിച്ച് കർമ്മവിമുഖരായി അലസജീവിതം നയിക്കുന്ന ഇന്ത്യൻ സന്ന്യാസിമാർക്ക് നാരായണഗുരുവിന്റെ സേവനസമർപ്പിതമായ ജീവിതം മാതൃകയായിരിക്കുന്നു. അധഃകൃതവർഗോദ്ധാരകൻ മാത്രമല്ല മനുഷ്യജാതിയെന്ന വിശ്വവിശാലമായ ആശയം ആദ്യമായി അവതരിപ്പിച്ചതും ശ്രീനാരായണഗുരുവാണ്. സഹസ്രാബ്ദങ്ങളായി നിലനിന്ന മൂഢാചാരങ്ങളെയും അന്ധവിശ്വാസങ്ങളെയും ഇല്ലാതാക്കി സാമൂഹികജീവിതത്തിൽ വിപ്ലവം സൃഷ്ടിച്ച ഉല്പതിഷ്ണു, യുക്തിപൂർവം എല്ലാ മതപ്രമാണത്തെയും തത്ത്വസംഹിതയെയും നിരൂപണം ചെയ്ത സ്വതന്ത്രചിന്തകൻ എന്നീ നിലകളിലും ശ്രീനാരായണഗുരു ശോഭിക്കുന്നു.

മറ്റു മതാചാര്യന്മാരെപ്പോലെ ആദ്ധ്യാത്മികതയെയും ഭൗതികതയെയും വേർതിരിച്ചു കാണിച്ച് ഭൗതികതയെ നിസ്സാരമാക്കി കാണിക്കാൻ അദ്ദേഹം മുതിർന്നില്ല. രണ്ടും ജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളും ഒരുപോലെ പ്രധാനങ്ങളുമാണെന്ന തത്വമാണ് ഗുരു ദർശിച്ചത്. മനുഷ്യനന്മയ്ക്ക് പ്രാധാന്യം നൽകിയ ഗുരു ആ നന്മയ്ക്ക് മതം ആവശ്യമില്ലെന്ന നിലപാടുകൂടി സ്വീകരിച്ചു. മറ്റുമതപ്രചാരകന്മാർ സ്വന്തം മതത്തിൽ ഒതുങ്ങിനിന്നപ്പോൾ ശ്രീനാരായണഗുരു മതനദികൾ ഒന്നിച്ചു ചേരുന്ന മഹാസമുദ്രത്തെപ്പറ്റി സംസാരിച്ചു. ആധ്യാത്മികതയെയും സന്ന്യാസത്തെയും അവധൂതജീവിതത്തെയും അവഹേളിക്കുന്ന ആൾദൈവങ്ങളും മതാചാര്യന്മാരും പല സമൂഹങ്ങളിലും പ്രവർത്തിക്കുന്ന വർത്തമാനകാലത്ത് ഗുരുവിന്റെ ദർശനങ്ങൾക്ക് പ്രസക്തിയേറുന്നു. കർമ്മമണ്ഡലത്തിൽ നിന്നു മാറി അലസജീവിതം നയിക്കുന്നവർക്ക് ഗുരുവിന്റെ സമർപ്പിതജീവിതം എക്കാലവും മാതൃകയാണ്.

2. "മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽ മതി", "ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്" എന്നീ ആപ്തവാക്യങ്ങളുടെ അർത്ഥവ്യാപ്തിയെക്കുറിച്ചുള്ള ലേഖകന്റെ നിരീക്ഷണങ്ങൾ സംഗ്രഹിച്ചെഴുതുക.

**ഉത്തരമാതൃക**

'മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽ മതി' എന്ന ആപ്തവാക്യത്തിൽ മനുഷ്യനന്മയ്ക്കാണ് പ്രാധാന്യം. ആ നന്മയ്ക്ക് മതം ആവശ്യമില്ലെന്ന ധ്വനികൂടി അതിലുണ്ട്. മനുഷ്യനാണ് ഇവിടെ മാനദണ്ഡം. മനുഷ്യനന്മയ്ക്ക് ഉതകാത്തതൊന്നും ഗുരുവിന് പ്രധാനമല്ല എന്നാണ് ലേഖകൻ സമർത്ഥിക്കുന്നത്.

മനുഷ്യവർഗത്തെ ഒന്നായിക്കാണുന്നതാണ് 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന സന്ദേശം. എക്കാലത്തും ഏതു രാജ്യത്തും വിലപ്പോകുന്നതും ഏതു സമുദായത്തിന്റെയും സാംസ്കാരികവികസനത്തിന് ഉപകരിക്കുന്നതുമായ വിശിഷ്ടാശയമാണിത്. ഭൂമുഖത്തെ വികൃതമാക്കുന്ന എല്ലാ ജാതി മത വർഗഭേദങ്ങളും അസ്തമിച്ച് കേവലമായ മനുഷ്യത്വത്തിന്റെ സർവ്വാശ്ലേഷിയായ മനോഹരരൂപം ആ സന്ദേശത്തിൽ പൊന്തിവരുന്നു. അന്താരാഷ്ട്രതലത്തിൽ രൂപംപൂണ്ടുതുടങ്ങിയിരിക്കുന്ന ഏകലോകമെന്ന ആശയത്തിന്റെ മുദ്രാവാക്യമായി ഈ സന്ദേശത്തെ പരിഗണിക്കാം.